I/44447/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**വിജ്ഞാപനം**

**കീം 2023**

**മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം**

**BDS ബിരുദധാരികൾക്ക് എം.ബി.ബി.എസ്. കോഴ്സിലേക്കുള്ള സംവരണ സീറ്റിനായുള്ള (DM) സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതും ബി.വി.എസ്.സി & എ.എച്ച് കോഴ്സിന് DP കാറ്റഗറിയിൽ പുതുതായി അനുവദിച്ച കോഴ്സ് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതും സംബന്ധിച്ച്.**

2023-24 അധ്യയന വർഷം മുതൽ സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനത്തിന് ബി.ഡി.എസ്. ബിരുദധാരികൾക്ക് സീറ്റ് സംവരണം (DM) അനുവദിച്ചുകൊണ്ട് 05.06.2023 തീയതിയിലെ സ.ഉ(കൈ)നം.313/2023/ഉ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2023-24 അധ്യയന വർഷം മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളിൽ പ്രസ്തുത സീറ്റുകളിലെ സംവരണം ആഗ്രഹിക്കുന്നവർ ബി.ഡി.എസ് ഡിഗ്രി സർട്ടിഫിക്കറ്റ്, ഇന്റേൺഷിപ്പ് സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്.

കീം പ്രോസ്പെകടസ് വ്യവസ്ഥ 5.2.15(iii) പ്രകാരം ബി.വി.എസ്.സി & എ.എച്ച് കോഴ്സിന് ഡിപ്ലോമ ഹോൾഡേഴ്സ് ഇൻ ലബോറട്ടറി ടെക്നിക്സ്, ഫീഡ് ടെക്നോളജി & പൗൾട്രി പ്രൊഡക്ഷൻ പ്രോഗ്രാംസ് എന്നീ കോഴ്സുകൾ പാസ്സായ വിദ്യാർത്ഥികൾക്ക് അനുവദിക്കപ്പെട്ട സീറ്റ് സംവരണം (DP), 13.06.2023 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ (സാധാ)നം.254/2023/AHD പ്രകാരം ബി.എസ്.സി പൗൾട്രി പ്രൊഡക്ഷൻ & ബിസിനസ് മാനേജ്മെന്റ് കോഴ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് കൂടി അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് പ്രകാരം 2023 വർഷത്തെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളിൽ 'DP' കാറ്റഗറി സംവരണം ആവശ്യമുള്ള ബി.എസ്.സി പൗൾട്രി പ്രൊഡക്ഷൻ & ബിസിനസ് മാനേജ്മെന്റ് കോഴ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് പ്രസ്തുത സർട്ടിഫിക്കറ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന സമർപ്പിക്കാവുന്നതാണ്.

I/44447/2023

'DM/DP' ക്ലെയിം തെരഞ്ഞെടുക്കുന്നതിനായി വിദ്യാർത്ഥികൾ 'KEAM 2023 Candidate Portal' -ൽ അവരവരുടെ അപേക്ഷാ നമ്പരും പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് ദൃശ്യമാകുന്ന പ്രൊഫൈൽ പേജിൽ ലഭ്യമായ 'Claim for DM/DP Reservation' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **18.07.2023 വൈകുന്നേരം 4.00 മണിക്കകം** ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ക്ലെയിം ലഭിക്കുന്നതിന് ഒന്നിലധികം സർട്ടിഫിക്കറ്റുകൾ ആവശ്യമുള്ള പക്ഷം പ്രസ്തുത സർട്ടിഫിക്കറ്റുകൾ ഒറ്റ PDF ആക്കിയതിനുശേഷമാണ് അപ്‌ലോഡ് ചെയ്യേണ്ടത്.

നിശ്ചിത തീയതിക്കുള്ളിൽ അർഹമായ ക്ലെയിം സമർപ്പിക്കാത്ത വിദ്യാർത്ഥികളെ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന അതാത് കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. സമയബന്ധിതമായി കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിനുള്ള സമയം യാതൊരു കാരണവശാലും നീട്ടിനൽകുന്നതല്ല. നേരിട്ടോ തപാൽ മുഖേനയോ ഇ.മെയിലായോ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ കാറ്റഗറി അനുവദിക്കുന്നതിനായി പരിഗണിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
12-07-2023

Signed by
Arun K Vijayan
Date: 12-07-2023 17:06:15